**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1046** **10-08-2023 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര നഗര പ്രദേശത്തെ പുതിയ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നഗര പ്രദേശത്ത് നടപ്പിലാക്കുന്ന പുതിയ കുടിവെള്ള പദ്ധതിയുടെ ഭാഗമായി മണ്ണ് പരിശോധന നടത്തിയതിന് ശേഷം എന്തൊക്കെ നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | അർബൻ അഗ്ഗ്ലോമറേഷൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയ്ക്കു വേണ്ടി 16 എം.എൽ.ഡി ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ജലശുദ്ധീകരണശാലയുടെ നിർമ്മാണം നടത്തുന്നതിനുള്ള സ്ഥലത്തെ മണ്ണ് പരിശോധന നടത്തിയതിനു ശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച് സാങ്കേതികാനുമതി ലഭ്യമാക്കിയിരുന്നു. തുടർന്ന് ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടിവെള്ള പദ്ധതിക്ക് അടങ്കൽ തുക എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ; | (ബി) | **അർബൻ അഗ്ഗ്ലോമറേഷനിലുൾപ്പെടുത്തി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയ്ക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കു നൽകിയിട്ടുള്ള ഭരണാനുമതി തുക 21.6895/- കോടി രൂപയാണ്. ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവൃത്തിക്കുള്ള അടങ്കൽ തുക 18,26,42,693/- രൂപയാണ്.** |
| (സി) | പ്രസ്തുത കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടിക്രമം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | **അർബൻ അഗ്ഗ്ലോമറേഷനിലുൾപ്പെടുത്തി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. 22.08.2023 ആണ് ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി.** |

സെക്ഷൻ ഓഫീസർ